മദ്യദുരന്തം തടയുന്നതിന് നടപടി

39 [1756] ശ്രീ. കെ. ബാബു:

,, കെ. അച്ചുതൻ:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യദുരന്തം തടയുന്നതിനായി ഇക്കഴിഞ്ഞ ഓണക്കാലത്തും ക്രിസ്തുമസ് കാലത്തും മദ്യഷാപ്പുകളിൽ നിന്നും എത്ര സാമ്പിളുകളെടുത്തു ;

(ബി) പ്രസ്തുത സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് കിട്ടിയതെപ്പോഴാണ് ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സാമ്പിളുകളിൽ വിഷാംശം അടങ്ങിയിരുന്നതായി വെളിപ്പെടുത്തിയിരുന്നോ ?

(ഡി) ഉണ്ടെങ്കിൽ വിഷാംശമടങ്ങിയ മദ്യത്തിന്റെ ഉപയോഗം തടയുവാൻ കഴിഞ്ഞിരുന്നോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ കാലയളവിൽ പരിശോധന നടത്തിയതിന് എന്തു ചെലവു വന്നു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇക്കഴിഞ്ഞ ഓണക്കാലത്തും ക്രിസ്തുമസ് കാലത്തും മദ്യഷാപ്പുകളിൽ നിന്നും 8948 സാമ്പിളുകൾ എടുത്തിട്ടുണ്ട്.

(ബി) ഓണം, ക്രിസ്തുമസ് കാലയളവിൽ രാസപരിശോധനാ സാമ്പിളുകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുള്ളതിനാൽ സാമ്പിളുകളിൽ കൃത്രിമം ഉണ്ടെങ്കിൽ കെമിക്കൽ റിപ്പോർട്ട് അപ്പോൾ തന്നെ ലഭിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) & (ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly